# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3043 18.06.2019-ൽ മറുപടി നൽകേണ്ടത്**

**തലശ്ശേരി മണ്ഡലത്തിലെ വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| 2018-19 സാമ്പത്തിക വർഷം വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ ചിറക്കര , കതിരൂർ എന്നീ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനു ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും ആയത് എന്ന് പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ? | 2018-19 സാമ്പത്തിക വർഷം 23.07.2018-ലെ സ.ഉ(സാധാ)നം.2781/2018/പൊ.വി.വ ഉത്തരവ് പ്രകാരം തലശ്ശേരി നിയോജക മണ്ഡലത്തിലെ ചിറക്കര , കതിരൂർ എന്നീ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സ്കൂളുകളിൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കതിരൂർ വി.എച്ച്.എസ്.എസ്സിന്റെ പ്രവൃത്തി പി.ഡബ്ല്യു.ഡി യേയും ചിറക്കര വി.എച്ച്.എസ്.എസ്സിന്റെ പ്രവൃത്തി നിർമ്മിതി കേന്ദ്രയേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്.<br>പൊതുമരാമത്ത് വകുപ്പിന്റെ ക്യാപ്പിറ്റൽ ഹെഡ്ഡിൽ തുക അനുവദിക്കുന്നതിനാൽ ചിറക്കര വി.എച്ച്.എസ്.എസ്സിന്റെ കെട്ടിട നിർമ്മാണം നടത്തുന്നതിന് നിർമ്മിതി കേന്ദ്ര വിസമ്മതം അറിയിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി നിർമ്മിതി കേന്ദ്രയിൽ നിന്നും മാറ്റുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ